# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.631 — 04/02/2020-ൽ മറുപടിക്ക്

**വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് മുന്നറിയിപ്പ്**

| ചോദ്യം<br><br>**ശ്രീമതി യു. പ്രതിഭ** | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| യഥാസമയം വൈദ്യുതി ബില്ലുകൾ അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനു മുമ്പായി ഇത്തരം ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 122 ,123 റെഗുലേഷൻ പ്രകാരമുള്ള ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസാണ് ഉപഭോക്താക്കൾക്ക് മീറ്റർ റീഡർ മുഖേന വൈദ്യുത ബില്ലായി നൽകുന്നത് . ഇതിൽ പിഴ കൂടാതെ വൈദ്യുത ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിയും, വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്. മീറ്റർ റീഡർ മുഖേന വൈദ്യുതി ബിൽ നൽകുന്നതിന് പുറമെ, ഉപഭോക്താവിന് വൈദ്യുത ബിൽ ലഭിച്ച രണ്ടു ദിവസത്തിനുള്ളിലും, വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിക്ക് 2 ദിവസം മുന്നേയും, ബിൽ സംബന്ധിച്ച വിവരം രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ എസ് എം എസ് ആയും രജിസ്റ്റർ ചെയ്ത ഇമെയിൽ ഐ.ഡിയിൽ ഇമെയിൽ ആയും ഉപഭോക്താക്കളെ അറിയിക്കുന്നതാണ്. ഇതു കൂടാതെ, പ്രത്യേക ബിൽ നൽകേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡിമാന്റ് കം ഡിസ്കണക്ഷൻ നോട്ടീസിന് പുറമേ പ്രത്യേകം ഡിസ്കണക്ഷൻ നോട്ടീസും നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ